STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.364/PR/SPMC/PHQ/2026 Date:18.08.2026

പത്രക്കുറിപ്പ്

കേരള പോലീസിന് ആധുനിക മുഖം നൽകുന്ന മൂന്ന് പദ്ധതികൾ കൂടി : ആഭ്യന്തരവകുപ്പ് മന്ത്രി ഉദ്ഘാടനം ചെയ്തു

സൈബർ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ആധുനിക ലോകത്തിന്റെ ആവശ്യകത തിരിച്ചറിഞ്ഞ് കേരള പോലീസും അതിനനുസരിച്ച് മാറുന്നു. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി വികസിപ്പിച്ചെടുത്ത 'എ.ഐ. ട്രാക്ക്', സ്മാർട്ട് പോലീസിംഗ് എന്ന ആശയം കാര്യക്ഷമമാക്കാനായുള്ള 'ഇന്റഗ്രേറ്റഡ് ബീറ്റ് മാനേജ്മെന്റ് സിസ്റ്റം', സൈബർ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായുള്ള 'സൈബർ വാൾ' എന്നീ മൂന്ന് പദ്ധതികളുടെ ഉദ്ഘാടനം ആഭ്യന്തരവകുപ്പ് മന്ത്രി രമേശ് ചെന്നിത്തല നിർവഹിച്ചു. ഭാവിയിൽ റോഡ് അപകടങ്ങൾ കുറയ്ക്കാനും സൈബർ കുറ്റകൃത്യങ്ങൾ തടയാനും പോലീസിന്റെ സേവനങ്ങൾ കൂടുതൽ സ്മാർട്ടും ജനകീയവുമാക്കാനും പുതിയ സൈബർ പദ്ധതികൾ സഹായിക്കുമെന്ന് ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് ആഭ്യന്തരമന്ത്രി പറഞ്ഞു.

സാമൂഹ്യ മാധ്യമങ്ങൾ വഴിയുള്ള സൈബർ തട്ടിപ്പുകൾ ദിനംപ്രതി വർദ്ധിച്ചുവരുന്ന കാലഘട്ടമാണിത്. ആധുനിക സാങ്കേതിക വിദ്യയെ ജനങ്ങളുടെ സ്വത്തിനും സുരക്ഷിതത്വത്തിനും ക്ഷേമത്തിനും വേണ്ടി എങ്ങനെ ഉപയോഗിക്കാം എന്നതിന്റെ ദൃഷ്ടാന്തമാണ് കേരള പോലീസിന്റെ ഈ പുതിയ പദ്ധതികൾ. ഇത് ഫലപ്രദമായി നടപ്പാക്കുന്നതിന് 600 ഓളം ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി കഴിഞ്ഞു. പദ്ധതിയുടെ ഗുണഫലങ്ങൾ കൂടുതൽ മേഖലകളിലേയ്ക്ക് എത്തിക്കുന്നതിനായി കൂടുതൽ പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുമെന്നും മന്ത്രി അറിയിച്ചു.

കഴിഞ്ഞ നാല് വർഷത്തെ റോഡപകടവിവരങ്ങൾ, അപകടസാധ്യതയുള്ള പ്രദേശങ്ങൾ, എൻഫോഴ്സ്മെന്റ് രേഖകൾ തുടങ്ങിയവ അപഗ്രഥിച്ച് കൃത്യമായ എൻഫോഴ്സ്മെന്റ് നടപടികൾ ആസൂത്രണം ചെയ്യുന്നതിനാണ് എ.ഐ. ട്രാക്ക് (AI TRACK) വികസിപ്പിച്ചെടുത്തിട്ടുള്ളത്.

ബീറ്റ്/പട്രോളിംഗുമായി ബന്ധപ്പെട്ടുള്ള ഡ്യൂട്ടി നിർവ്വഹണം, ഫീൽഡ് തല പരിശോധന, മേൽനോട്ടം, തത്സമയ ആശയവിനിമയം, റിപ്പോർട്ടിംഗ് എന്നിവയെ ഡിജിറ്റൽ രീതിയിൽ ഏകോപിപ്പിക്കുന്ന സമഗ്രമായ ഫീൽഡ് പോലീസിംഗ് സംവിധാനമാണ് ഇന്റഗ്രേറ്റഡ് ബീറ്റ് മാനേജ്മെൻറ് സിസ്റ്റം.

സംശയാസ്പദമായ ഫോൺ വിളികൾ, സന്ദേശങ്ങൾ, ലിങ്കുകൾ, ഓഫറുകൾ തുടങ്ങിയവ പരിശോധിച്ച് അപകടസാധ്യത തിരിച്ചറിയാനും ആവശ്യമായ സുരക്ഷാ നിർദ്ദേശങ്ങൾ ലഭ്യമാക്കാനും പൊതുജനങ്ങളെ സഹായിക്കുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് സൈബർ വാൾ (Cyber Wall).

പോലീസ് ആസ്ഥാനത്ത് നടന്ന ഉദ്ഘാടന ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ അധ്യക്ഷത വഹിച്ചു. ക്രമസമാധാന വിഭാഗം എ.ഡി.ജി.പി പി. വിജയൻ പദ്ധതി വിശദീകരണം നടത്തി. മുൻ ഡി.ജി.പിയും സംസ്ഥാന പൊലീസ് ഉപദേഷ്ടാവുമായ എ. ഹേമചന്ദ്രൻ ആശംസകളർപ്പിച്ചു. ഇന്റലിജൻസ് എ.ഡി.ജി.പി ദിനേന്ദ്ര കശ്യപ്, ക്രൈംബ്രാഞ്ച് എ.ഡി.ജി.പി എച്ച്. വെങ്കടേഷ്, മറ്റ് മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

ചടങ്ങിന് സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോ ഐ.ജി.പി പി .പ്രകാശ് സ്വാഗതവും ട്രാഫിക്ക് ആൻഡ് റോഡ് സേഫ്റ്റി മാനേജ്മെൻറ് ഐ.ജി.പി. ഡോ. എസ്. സതീഷ് ബിനൊ നന്ദിയും പറഞ്ഞു.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,
ഡെപ്യൂട്ടി ഡയറക്ടർ,
സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

****

CyberWall

കേരള പോലീസിന്റെ AI അധിഷ്ഠിത ഡിജിറ്റൽ സുരക്ഷ, പരിശോധന, സഹായ പ്ലാറ്റ്ഫോം

അവലോകനം

CyberWall കേരള പോലീസിന്റെ AI അധിഷ്ഠിത ഡിജിറ്റൽ സുരക്ഷാ സംരംഭമാണ്. സംശയാസ്പദമായ ഫോൺ കോളുകൾ, സന്ദേശങ്ങൾ, ലിങ്കുകൾ, പണമിടപാട് ആവശ്യങ്ങൾ, ഓൺലൈൻ ഓഫറുകൾ എന്നിവ പരിശോധിച്ച് അപകടസാധ്യത തിരിച്ചറിയാനും, അതിന്റെ കാരണം മനസ്സിലാക്കാനും, ആവശ്യമായ സുരക്ഷാ നിർദേശങ്ങൾ ലഭ്യമാക്കാനും പൊതുജനങ്ങളെ സഹായിക്കുന്ന വിശ്വസനീയമായ ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് ഇത്.

കൃത്രിമബുദ്ധിയും പ്രസക്തമായ വിവരസ്രോതസ്സുകളും പ്രയോജനപ്പെടുത്തി, വെറും വിവരങ്ങൾ നൽകുന്നതിനു പകരം "എന്തുകൊണ്ട് സംശയാസ്പദമാണ്, എന്താണ് അപകടസാധ്യത, ഇനി എന്ത് ചെയ്യണം" എന്നതിൽ ലളിതമായ മാർഗനിർദേശം നൽകുകയാണ് CyberWall ന്റെ ലക്ഷ്യം.

സ്ഥിരീകരണ സൗകര്യങ്ങൾ

സൈബർ തട്ടിപ്പുമായി ബന്ധപ്പെട്ടിരിക്കാവുന്ന വിവിധ ഡിജിറ്റൽ തിരിച്ചറിയൽ വിവരങ്ങൾ പൗരന്മാർക്ക് പരിശോധിക്കാൻ സാധിക്കും. ഇതിൽ വെബ്സൈറ്റുകളും URL-കളും, ഇ-മെയിലുകളും SMS-കളും, SMS ഹെഡറുകളും, റിപ്പോർട്ട് ചെയ്യപ്പെട്ട ഫോൺ നമ്പറുകളും, ബാങ്ക് അക്കൗണ്ടുകളും, IP വിലാസങ്ങളും ഉൾപ്പെടുന്നു.

ഒരു ലിങ്കിൽ ക്ലിക്ക് ചെയ്യുന്നതിനോ, പണം കൈമാറുന്നതിനോ, വ്യക്തിഗത വിവരങ്ങൾ പങ്കിടുന്നതിനോ, പരിചയമില്ലാത്ത വ്യക്തിയുമായോ ഡിജിറ്റൽ പ്ലാറ്റ്ഫോമുമായോ ഇടപെടുന്നതിനോ മുമ്പ് അധികമായൊരു സുരക്ഷാ പരിശോധനാ ഘട്ടം നൽകുകയാണ് ഈ സൗകര്യങ്ങളുടെ ലക്ഷ്യം.

ബോധവൽക്കരണവും സഹായവും

സാധാരണയായി സംഭവിക്കുന്നതും പുതുതായി ഉയർന്നുവരുന്നതുമായ സൈബർ തട്ടിപ്പുകളെക്കുറിച്ചുള്ള ബോധവൽക്കരണവും സഹായവും

CyberWall ന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പുകൾ, വ്യാജ ലോൺ ആപ്പുകൾ, നിക്ഷേപ തട്ടിപ്പുകൾ എന്നിവയ്ക്കൊപ്പം ഫിഷിംഗ്, സ്മിഷിംഗ്, ആൾമാറാട്ടം, വ്യാജ കസ്റ്റമർ കെയർ നമ്പറുകൾ, ഓൺലൈൻ പണമിടപാട് തട്ടിപ്പുകൾ, ജോലി-ലോട്ടറി തട്ടിപ്പുകൾ, പ്രണയ തട്ടിപ്പുകൾ, അപകടകരമായ ലിങ്കുകൾ, അക്കൗണ്ട് കൈയേറ്റം തുടങ്ങിയ പുതുതായി ഉയർന്നുവരുന്ന സൈബർ ഭീഷണികളെക്കുറിച്ചും മാർഗനിർദേശം നൽകും.

ഉദാഹരണത്തിന്, തട്ടിപ്പുകാർ പോലീസ് ഉദ്യോഗസ്ഥരുടെയോ സർക്കാർ അധികാരികളുടെയോ ആൾമാറാട്ടം നടത്തി, ഒരു പൗരൻ ക്രിമിനൽ കേസിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തെറ്റായി അറിയിക്കുകയും അറസ്റ്റ് ഒഴിവാക്കുന്നതിനായി പണം ആവശ്യപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ, ബന്ധപ്പെട്ട ഫോൺ നമ്പർ, സന്ദേശം, URL എന്നിവ പരിശോധിക്കാൻ CyberWall സഹായിക്കും. കൂടാതെ, ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പിന്റെ മുന്നറിയിപ്പ് സൂചനകൾ തിരിച്ചറിയാനും ഇത്തരം സാഹചര്യങ്ങളിൽ സ്വീകരിക്കേണ്ട ശരിയായ നടപടികളെക്കുറിച്ച് മനസ്സിലാക്കാനും സഹായിക്കും.

അതുപോലെ, സംശയാസ്പദമായ നിക്ഷേപ വാഗ്ദാനങ്ങളും ലോൺ ഓഫറുകളും പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനും, സാമ്പത്തിക ബാധ്യത ഏറ്റെടുക്കുന്നതിനോ സെൻസിറ്റീവ് വിവരങ്ങൾ പങ്കിടുന്നതിനോ മുമ്പ് ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നതിനും CyberWall പൗരന്മാരെ സഹായിക്കും.

<u>ലഭ്യത</u>

CyberWall പൗരന്മാർ ഇതിനകം ഉപയോഗിക്കുന്ന വിവിധ ഡിജിറ്റൽ മാർഗങ്ങളിലൂടെ ലഭ്യമാകും. ഇതിൽ കേരള പോലീസിന്റെ ഔദ്യോഗിക POL-App (Android, iOS), പ്രത്യേക WhatsApp Chatbot, Telegram Chatbot, Web Portal എന്നിവ ഉൾപ്പെടും.

പൗരന്മാർക്ക് വിവിധ പ്ലാറ്റ്ഫോമുകളിലൂടെയും ഒരേ രീതിയിലുള്ള സൈബർ സുരക്ഷാ സേവനം ലഭ്യമാക്കുകയാണ് ലക്ഷ്യം. സംശയാസ്പദമായ വിവരങ്ങളും സ്ഥാപനങ്ങളും പരിശോധിക്കാനും, ആവശ്യമായ ചോദ്യങ്ങൾ ചോദിക്കാനും, സമയബന്ധിതമായ സഹായവും സുരക്ഷാ നിർദേശങ്ങളും നേടാനും ഇതിലൂടെ സാധിക്കും.

പൊതുസുരക്ഷാ സമീപനം

നിർത്തുക – പരിശോധിക്കുക – സ്ഥിരീകരിക്കുക – പ്രവർത്തിക്കുക

സൈബർ ഭീഷണികൾ, അടിയന്തരമായി നടപടിയെടുക്കണമെന്ന് ആവശ്യപ്പെടുന്ന സന്ദേശങ്ങൾ, അസാധാരണമായി ആകർഷകമായ ഓഫറുകൾ, പ്രതീക്ഷിക്കാത്ത പണമിടപാട് ആവശ്യങ്ങൾ, രഹസ്യ വിവരങ്ങൾ ആവശ്യപ്പെടൽ തുടങ്ങിയ സാഹചര്യങ്ങൾ നേരിടുമ്പോൾ ഉടൻ പ്രതികരിക്കാതെ ഒരു നിമിഷം നിർത്തി ചിന്തിക്കാനും, ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം മാത്രം തുടർനടപടി സ്വീകരിക്കാനും പൗരന്മാരെ പ്രോത്സാഹിപ്പിക്കുകയാണ് സൈബർവാളിന്റെ പൊതുസുരക്ഷാ സമീപനം.

പ്രധാന മുന്നറിയിപ്പുകൾ

CyberWall ഒരു വ്യക്തിയോ സ്ഥാപനമോ സുരക്ഷിതമാണോ തട്ടിപ്പുമായി ബന്ധപ്പെട്ടതാണോ എന്നത് നിശ്ചിതമായി സാക്ഷ്യപ്പെടുത്തുന്ന സംവിധാനം ആയിരിക്കില്ല. ഇത് അപകടസാധ്യത തിരിച്ചറിയുന്നതിനും വിവരങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനുമുള്ള സഹായ സംവിധാനമായി മാത്രമായിരിക്കും പ്രവർത്തിക്കുക.

ഒരു ഫോൺ നമ്പർ, വെബ്സൈറ്റ്, അക്കൗണ്ട് തുടങ്ങിയവയ്ക്കെതിരെ മുമ്പ് റിപ്പോർട്ടുകളൊന്നും ലഭ്യമല്ല എന്നത് അവ സുരക്ഷിതമാണെന്ന് ഉറപ്പാക്കുന്നില്ല. അതേസമയം, ഇതിനകം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ഗൗരവമായി പരിഗണിക്കേണ്ട മുന്നറിയിപ്പ് സൂചനകളായി കാണണം.

പോലീസ്, ബാങ്ക്, സർക്കാർ ഏജൻസി, ധനകാര്യ സ്ഥാപനം എന്നിവയെ പ്രതിനിധീകരിക്കുന്നതായി ആരെങ്കിലും അവകാശപ്പെട്ടാലും, അവരുടെ നിർദേശപ്രകാരം OTP, പാസ്‌വേഡ്, PIN തുടങ്ങിയ രഹസ്യ വിവരങ്ങൾ ഒരിക്കലും പങ്കിടരുത്. അത്തരത്തിലുള്ള അവകാശവാദത്തിന്റെ പേരിൽ മാത്രം പണം കൈമാറുകയും ചെയ്യരുത്.

ഉപസംഹാരം

AI അധിഷ്ഠിത സഹായം, വിവര പരിശോധന, ബോധവൽക്കരണം, തട്ടിപ്പ് പ്രതിരോധം, വിവിധ ഡിജിറ്റൽ ചാനലുകളിലൂടെയുള്ള ലഭ്യത എന്നിവ സംയോജിപ്പിച്ചുകൊണ്ട്, സൈബർ ഭീഷണികൾ തിരിച്ചറിയാനും തട്ടിപ്പുകൾ

തടയാനും ബോധപൂർവമായ ഡിജിറ്റൽ തീരുമാനങ്ങൾ എടുക്കാനും, പുതുതായി ഉയർന്നുവരുന്ന സൈബർ ഭീഷണികളോട് ഉചിതമായ രീതിയിൽ പ്രതികരിക്കാനും പൗരന്മാരെ പ്രാപ്തരാക്കുകയാണ് CyberWall ന്റെ പ്രധാന ലക്ഷ്യം.

Integrated Beat Management System

ബീറ്റ്/പട്രോൾ ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളായ ഡ്യൂട്ടി ചെയ്യൽ ഫീൽഡ്തല പരിശോധന, മേൽനോട്ടം, തത്സമയ ആശയവിനിമയം, റിപ്പോർട്ടിംഗ് എന്നിവയെ ഡിജിറ്റൽ രീതിയിൽ ഏകോപിപ്പിക്കുന്ന സമഗ്ര ഫീൽഡ് പോലീസിംഗ് സംവിധാനമാണ് ബീറ്റ് ആൻഡ് പട്രോൾ മാനേജ്മെന്റ് സിസ്റ്റം.

കേരള പോലീസിന്റെ ക്രൈം മാനേജ്മെന്റിനും വിവിധ പോലീസ് ആപ്ലിക്കേഷനുകൾക്കും അടിസ്ഥാന ചട്ടക്കൂടായി പ്രവർത്തിക്കുന്ന കേന്ദ്രീകൃത സോഫ്റ്റ്‌വെയറായ iCoPS-നെ അടിസ്ഥാനമാക്കി, പോലീസ് ഉദ്യോഗസ്ഥരുടെ ഫീൽഡ് പ്രവർത്തനങ്ങൾക്കായി വികസിപ്പിച്ച Beat and Patrol Management System, iCoPS വെബ് ഇന്റർഫേസിലൂടെയും പോലീസ് ഉദ്യോഗസ്ഥർക്കു മാത്രമായുള്ള miCoPS എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെയും പ്രവർത്തിക്കുന്നു.

ടി സിസ്റ്റത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ ബീറ്റ്/പട്രോൾ ഉത്തരവാദിത്തം ഉറപ്പാക്കുക, ബീറ്റ്/പട്രോൾ തത്സമയം വീക്ഷിക്കുക, ഡിജിറ്റൽ ഫീൽഡ് പൊലീസിംഗ് ശക്തിപ്പെടുത്തുക, പോലീസ് സാന്നിധ്യം വർധിപ്പിക്കുക, ഫീൽഡ് യൂണിറ്റുകൾ തമ്മിലുള്ള ഏകോപനം മെച്ചപ്പെടുത്തുക, കേന്ദ്രീകൃത മേൽനോട്ടം സാധ്യമാക്കുക, കുറ്റകൃത്യങ്ങളുടെ കണ്ടെത്തലും പ്രതിരോധവും കൂടുതൽ കാര്യക്ഷമമാക്കുക എന്നിവയാണ്.

Beat Officers, Patrol Teams, Checking Officers, Station House Officers, District Control Rooms, Higher Supervisory Officers എന്നിവർക്കെല്ലാം ആവശ്യാനുസൃതമായി വ്യത്യസ്ത പ്രവർത്തനാവകാശങ്ങൾ നൽകുന്ന role-based, hierarchy-based, jurisdiction-controlled access സംവിധാനം ഇതിൽ ലഭ്യമാണ്.

സിസ്റ്റത്തിൽ ലഭ്യമായ GIS അടിസ്ഥാനത്തിലുള്ള Beat Area and Route Management സൗകര്യം ഉപയോഗിച്ച് പോലീസ് സ്റ്റേഷനെ jurisdiction ഡിജിറ്റൽ മാപ്പിൽ വിവിധ Beat Areas ആയി വിഭജിച്ച്, അവയുടെ

boundaries വ്യത്യസ്ത നിറങ്ങളിൽ plot ചെയ്യാനും ആവശ്യാനുസരണം സൃഷ്ടിക്കാനും തിരുത്താനും കഴിയും. വീടുകൾ, കെട്ടിടങ്ങൾ, ജങ്ഷനുകൾ, സെൻസിറ്റീവ് സ്ഥലങ്ങൾ എന്നിവ Beat Points (Patta Books) ആയും Public Offices, Educational Institutions, Government Offices, Industrial Concerns എന്നിവ Points of Interest (PoI) ആയും മാപ്പിൽ അടയാളപ്പെടുത്തി GPS location, remarks, timestamped updates എന്നിവ രേഖപ്പെടുത്താവുന്നതാണ്.

Patrol and Duty Management സംവിധാനത്തിലൂടെ Janamaithri Beat Patrol, Police Station Beat Patrol, Station Patrol, CRV, KILO, PINK Patrol, Night Checking, Foot Patrol, Mobile Patrol തുടങ്ങിയ വിവിധ patrol ഡ്യൂട്ടികൾക്കായി ഉദ്യോഗസ്ഥർ, patrol vehicles, beat areas/routes, duty timings, instructions, checking tasks എന്നിവ ക്രമീകരിക്കാനും, overlapping/duplicate assignments ഒഴിവാക്കി കാര്യക്ഷമമായി ഡ്യൂട്ടിക്ക് നിയോഗിക്കാനും കഴിയും.

- ടി സിസ്റ്റത്തിലെ **continuous GPS tracking** സംവിധാനം മുഖേന മാപ്പിൽ പിന്നിട്ട route, ഇനി പോകാനുള്ള route, patrol movement path എന്നിവ വ്യത്യസ്ത നിറങ്ങളിൽ കാണാൻ കഴിഴുന്നതാണ്.
- ഒരു Patrol team ന് സമീപമുള്ള മറ്റ് ടീമുകളുടെ live location കാണാവുന്നതാണ്.
- Checking Officers-ന് തങ്ങളുടെ jurisdiction-ലുള്ള Beat Teams, Patrol Vehicles, CRVs, മറ്റ് Checking Teams എന്നിവ നിരീക്ഷിക്കാം.
- Checking Officer ഒരു patrol team-ന്റെ configurable proximity യിൽ എത്തിയാൽ status “Seen” അടയാളപ്പെടുത്തി, verification remarks രേഖപ്പെടുത്താവുന്നതാണ്.
- Higher Officers-ന് live patrols നിരീക്ഷിക്കാനും surprise checking നടത്താനും patrol compliance പരിശോധിക്കാനും കഴിയും.
- QR Code-based Patrol Verification വഴി duty summary, officer details, patrol history, team information എന്നിവ പരിശോധിക്കാം.

- ഓരോ verification-നും officer details, സമയം, remarks എന്നിവ timestamp സഹിതം രേഖപ്പെടുത്തപ്പെടും.
- ആശയവിനിമയത്തിനായി module text, image, video, voice communication എന്നിവ ലഭ്യമാണ്.
- Patrol alerts, vehicle alerts, missing person alerts, emergency notifications, beat-wise/patrol-wise/night-checking-wise broadcast messages എന്നിവ നൽകാം.
- SHO, GD Charge, Control Rooms, Higher Officers എന്നിവർക്ക് നിർദ്ദേശങ്ങൾ നൽകാനും, patrol personnel-ന് അവ **Noted, Checked, Complied** എന്നിങ്ങനെ mark ചെയ്യാനും remarks ചേർക്കാനും കഴിയും.
- ഓരോ Beat Point സന്ദർശനവും timestamp, GPS location, photo/video, remarks എന്നിവ ഉപയോഗിച്ച് രേഖപ്പെടുത്താം.
- Stranger Check, Criminal Database Matching, Missing Person Matching, BCR Checking, KD/DC/Rowdy Check, Ex-convict Check, Suspect Check, Vehicle Check തുടങ്ങിയ പരിശോധനാ സൗകര്യങ്ങളും ഇതിലുണ്ട്. BCR Checking പോലീസ് സ്റ്റേഷൻ jurisdiction-ന് പുറത്തും നടത്താൻ കഴിയും മുൻ checking history, checking location, checking officer details എന്നിവയും ലഭ്യമാണ്.
- Janamaithri Beat പ്രവർത്തനങ്ങൾക്കായി House Visit, Institutional Visit, Janamaithri Meetings, Migrant Labourers എന്നീ പ്രത്യേക modules ലഭ്യമാണ്.
- Reporting, analytics, supervisory review എന്നിവയ്ക്കായി Beat-wise, Patrol-wise, Date-wise, Officer-wise reports, GPS-based patrol history, live patrol monitoring, active team visibility, patrol movement review തുടങ്ങിയ സൗകര്യങ്ങൾ ഉണ്ട്.
- GIS Crime Mapping, Analytics Portal, DG/IG Dashboard, ZATA എന്നിവയുമായും module സംയോജിപ്പിച്ചിരിക്കുന്നു. ഇതിലൂടെ field-level data supervisory dashboards ലേക്ക് എത്തുകയും, centralized monitoring, analytics, review എന്നിവ കൂടുതൽ ശക്തമാവുകയും ചെയ്യുന്നു.

- ✓ **Beat and Patrol System** പരമ്പരാഗത ബീറ്റ്-പട്രോൾ സംവിധാനത്തെ GIS, mobile technology, GPS tracking, hierarchical monitoring, QR verification, digital reporting, database integration, offline storage, real-time communication എന്നിവ ഉപയോഗിച്ച് ആധുനിക ഡിജിറ്റൽ policing framework ആയി മാറ്റും.

- ✓ Patrol accountability, field visibility, command supervision, intelligence collection, crime prevention, operational coordination എന്നിവ മെച്ചപ്പെടുത്തുന്നതോടൊപ്പം, താൽക്കാലിക network interruption ഉണ്ടായാലും offline data storage, deferred synchronization എന്നിവ വഴി field operations തുടർച്ചയായി നടത്താൻ കഴിയും

****

AI-TRACK

AI-Driven Accident Prediction and Enforcement Advisory System Keralam

Predicting Accidents • Guiding Enforcement • Saving Lives

ആമുഖം

ഡിപ്പാർട്ട്മെന്റിൽ ലഭ്യമായ കഴിഞ്ഞ നാല് വർഷത്തെ അപകട വിവരങ്ങളും ട്രാഫിക് എൻഫോഴ്സ്മെന്റ് സംവിധാനത്തിൽ ലഭ്യമായ രണ്ട് കോടിയിലധികം എൻഫോഴ്സ്മെന്റ് രേഖകളും ഉപയോഗിച്ച് അപകടസാധ്യതയുള്ള പ്രദേശങ്ങളും സമയപരിധികളും മുൻകൂട്ടി തിരിച്ചറിഞ്ഞ്, അവിടങ്ങളിൽ ലക്ഷ്യബദ്ധമായ പ്രതിരോധ എൻഫോഴ്സ്മെന്റ് ആസൂത്രണം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക എന്ന ആശയത്തിന്റെ അടിസ്ഥാനത്തിലാണ് AI-TRACK വികസിപ്പിച്ചത്.

AI-TRACK പ്രധാനമായും താഴെപ്പറയുന്ന വിവരങ്ങളാണ് വിശകലനം ചെയ്യുന്നത്:

- e-Challan സംവിധാനത്തിലൂടെ ലഭ്യമായ ട്രാഫിക് എൻഫോഴ്സ്മെന്റ് വിവരങ്ങൾ
- പോലീസ് വകുപ്പിന്റെ RAPID സംവിധാനത്തിൽ ലഭ്യമായ റോഡ് അപകട വിവരങ്ങൾ

“വിവരശേഖരണം → വിശകലനം → അപകട പ്രവചനം → എൻഫോഴ്സ്മെന്റ് നിർദ്ദേശം → പ്രതിരോധ നടപടി” എന്ന രീതിയിലാണ് സംവിധാനം പ്രവർത്തിക്കുന്നത്.

പ്രവർത്തന രീതി

ലഭ്യമായ എൻഫോഴ്സ്മെന്റും അപകട വിവരങ്ങളും Artificial Intelligence ഉപയോഗിച്ച് വിശകലനം ചെയ്ത് Accident Prediction & Risk Mapping തയ്യാറാക്കുന്നു. ഇതുവരെ നടത്തിയ രണ്ട് വിലയിരുത്തലുകളിൽ, സിസ്റ്റം ഉയർന്ന അപകടസാധ്യതയുള്ളതായി പ്രവചിച്ച പ്രദേശങ്ങളിൽ യഥാർത്ഥത്തിൽ ഉണ്ടായ അപകടങ്ങളിൽ ഏകദേശം 46% മുതൽ 50% വരെ സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ട്.

സംസ്ഥാനതലം മുതൽ പോലീസ് സ്റ്റേഷൻതലം വരെ ലഭ്യമാക്കുന്ന എൻഫോഴ്സ്മെന്റ് അഡ്വൈസറികൾ District Police Chiefs, Sub-Divisional Officers, SHOs തുടങ്ങിയ 600 ൽ പരം ഉപയോക്താക്കൾക്കു അപകടസാധ്യത കൂടുതലുള്ള സ്ഥലങ്ങളിലും സമയങ്ങളിലും എൻഫോഴ്സ്മെന്റ് വിഭവങ്ങൾ മുൻഗണനാക്രമത്തിൽ വിന്യസിക്കുന്നതിന് സഹായകരമാണ്. കൂടാതെ, ആവർത്തിച്ച് ട്രാഫിക് നിയമലംഘനം നടത്തുന്നവർ, motorcycle stunt riders, സാധുവായ Fitness Certificate ഇല്ലാതെ പ്രവർത്തിക്കുന്ന വാഹനങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിശകലന വിവരങ്ങളും സംവിധാനം നൽകുന്നു.

തുടർനടപടികൾ

AI-TRACK നൽകുന്ന പ്രവചനങ്ങളും Enforcement Advisories-ഉം ദൈനംദിന എൻഫോഴ്സ്മെന്റ് ആസൂത്രണത്തിലും ZATA അവലോകനങ്ങളിലും കൂടുതൽ പ്രയോജനപ്പെടുത്തുകയാണ് പ്രധാന ലക്ഷ്യം. ഈ predict ചെയ്ത സ്ഥലങ്ങളിലെ യഥാർത്ഥ അപകട വിവരങ്ങളും അവിടെ സ്വീകരിച്ച എൻഫോഴ്സ്മെന്റ് നടപടികളും തുടർച്ചയായി വിലയിരുത്തുന്നതിലൂടെ സംവിധാനത്തിന്റെ പ്രവചനശേഷിയും പ്രായോഗിക ഫലപ്രാപ്തിയും കൂടുതൽ മെച്ചപ്പെടുത്തും.